## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 938 — 14/06/2012 -ൽ മറുപടിക്ക്

## വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്താൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മൂല്യവത്തും, അന്തർദേശീയ നിലവാരം ഉള്ളതുമായ വിദ്യാഭ്യാസം ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (എ) മൂല്യവത്തും, അന്തർദേശീയ നിലവാരം ഉള്ളതുമായ പൊതുവിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഞ്ചുവർഷം കൂടുമ്പോൾ നടത്തുന്ന പാഠ്യപദ്ധതി പരിഷ്ക്കരണം, ദേശീയവും അന്തർദേശീയവുമായി വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന വികസനങ്ങൾ സൂക്ഷ്മമായി അന്വേഷണങ്ങൾക്ക് വിധേയമാക്കുക, ദേശീയതലത്തിലുള്ള പാഠപുസ്തകങ്ങളുമായി താരതമ്യം ചെയ്ത് 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തുക, 1 മുതൽ 10 വരെ ക്ലാസ്സുകളിലെ മുഴുവൻ അദ്ധ്യാപകർക്കും 50 ദിവസം നീണ്ടു നില്ക്കുന്ന സമഗ്ര പരിശീലനം നല്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എയ്ഡഡ്, സ്വാശ്രയ മേഖലകളിൽ ആവശ്യമായ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ